# സത്യദൂതൻ പത്രാധിപർക്ക് ഒരു തുറന്ന കത്ത്

അഹമദിയ്യാ മുഖപത്രമായ "സത്യദുതൻ" 2010 ഡിസംബർ ലക്കത്തിൽ ഖിലാഫത്തും മുജദ്ദിദിയ്യത്തും എന്ന തലക്കെട്ടിലുള്ള മുഹമ്മദ് ഉമർ ഖാദിയാന്റെ ലേഖനത്തിനുള്ള മറുപടി

ഇ. താഹിർ

പ്രസാധകർ

ജമാഅത്തു സ്സഹീഹിൽ ഇസ്ലാം, കേരള

www.jamaat-ul-sahih-al-islam
E-mail:etmanasam @ gmail.com
Mob:9746525847

بسم الله الرحمن الرحيم

## സത്യദൂതൻ പത്രാധിപർക്ക് ഒരു തുറന്ന കത്ത്

അഹമദിയ്യാ മുഖപത്രമായ 'സത്യദുതൻ' 2010 ഡിസംബർ ലക്കത്തിൽ 'ഖിലാഫത്തും മുജദ്ദിദിയ്യത്തും' എന്ന തലക്കെട്ടിലുള്ള മുഹമ്മദ് ഉമർഖാദിയാന്റെ ലേഖനം വായിച്ചു. ആലേഖനത്തിൽ അഹമദിയ്യാഖിലാഫത്ത് ഏതോ അപകട ഭീഷണി നേരിടുന്നതായി വ്യംഗ്യഭാഷയിൽ സൂചിപ്പിക്കാൻ ലേഖകൻ ശ്രമിച്ചതായികാണാം. ലേഖനത്തിന്റെ റൈറ്റപ്പിൽ ഇങ്ങനെ പറയുന്നു.

"മഹ്ദീമസീഹിനാൽ സ്ഥാപിതമായ സജീവമായ ഖിലാഫത്ത് വ്യവസ്ഥ ഉണ്ടായിരിക്കെ മുജദ്ദിദുമാരുടെ ആഗമനം അപ്രസക്തമാണ്"

(സത്യദൂതൻ - പേജ് 13)

മുജദ്ദിദുമാരുടെ ആഗമനം അപ്രസക്തമാണെന്ന് പറയുമ്പോൾ മുജദ്ദിദുമാരുടെ പ്രസക്തിയെ കുറിച്ച് ആരാണ് പറഞ്ഞതെന്നും, അതിന്റെ കാര്യകർത്താവ് ആരെന്നും, ലേഖകന് ഇപ്പോൾ ഇങ്ങനെ തോന്നാനുണ്ടായ കാരണമെന്താണെന്നും, വ്യക്തമാക്കേണ്ടതല്ലേ? പക്ഷെ, ലേഖകൻ അതൊന്നും വെളിപ്പെടുത്താതെ ഒരു ഭീഷണി നിലനിൽക്കുന്നതായ ധ്വനി മാത്രമേ വായനക്കാർക്ക് നൽകുന്നുള്ളു. തുടർന്നദ്ദേഹം ഇസ്ലാമിന്റെ പ്രകാശത്തിന് മങ്ങലേൽക്കുമ്പോൾ അത് പ്രകാശപൂർണ്ണമാക്കാൻ അല്ലാഹു ചെയ്യുന്ന രണ്ടു സംവിധാനങ്ങളെ കുറിച്ച് ഇങ്ങനെ പറയുന്നു.

"അതിനായി അല്ലാഹു താൽകാലികവും ശാശ്വതവുമായ രണ്ടു സംവിധാനങ്ങൾ പ്രവർത്തന വിധേയമാക്കുന്നു. ഒന്ന് മുജദ്ദിദീങ്ങളുടെ അഥവാ മതപുനരുദ്ധാരകരുടെ ആഗമനം. രണ്ട് ഖിലാഫത്ത് എന്ന ശാശ്വത സ്ഥാപനം. മുജദ്ദിദീങ്ങൾ മൂലമുണ്ടാകുന്ന താൽകാലിക സംവിധാനത്തെകുറിച്ച് ഹസ്റത്ത് നബികരിം (സ) അരുൾ ചെയ്യുന്നു. അല്ലാഹു ഓരോ നൂറ്റാണ്ടിന്റെയും തലക്കൽ ദീനിനെ സമുദ്ധരിക്കുന്നതിനായി ആത്മീയോദ്ധാരകരെന്ന മുജദ്ദിദുകളെ നിയോഗിക്കുന്നു"

(സത്യദൂതൻ)

ഓരോ നൂറ്റാണ്ടിലും മുജദ്ദിദുമാരെ നിയോഗിക്കുമെന്ന അല്ലാഹുവിന്റെ നിരന്തരവും സുസ്ഥിരവുമായ നിയമവും, നബിതിരുമേനി (സ) യുടെ സുവിശേഷവും നിസ്സാരവൽകരിച്ചുകൊണ്ട് ലേഖകൻ പറയുന്നത് അതൊക്കെ താൽകാലികമായ ഒരേർപ്പാടാണെന്നും എന്നാൽ വിശ്വാസികളുടെ സഭ തെരഞ്ഞെടുക്കുന്ന ഖിലാഫത്ത് ശാശ്വതമാണെന്നുമത്രെ! ചുരുക്കത്തിൽ അല്ലാഹു നിയോഗിക്കുന്ന മുജദ്ദിദുമാർ താല്ക്കാലികമായി മിന്നിമറയുന്ന മിന്നാമിനുങ്ങുകളാണെന്നും നബിതിരുമേനി (സ)യുടെ പ്രവചനം ഇക്കാലത്ത് അപ്രസ്കതമാണെന്നും, മനുഷ്യർ തിരഞ്ഞെടുക്കുന്ന ഖലീഫ ശാശ്വത പ്രതിഷ്ഠ നേടിയ ബിംബങ്ങളാണെന്നും ലേഖകൻ തറപ്പിച്ച് പറയുന്നു. ഇസ്ലാമിൽ ഖലീഫമാർ ഉണ്ടായിരുന്ന കാലത്ത് മുജദ്ദിദുമാർ വന്നിട്ടില്ലെ? ഖലീഫയുള്ളപ്പോൾ മുജദ്ദിദിന്റെ ആവശ്യമില്ലെങ്കിൽ പിന്നെന്തിനാണ് മുജദ്ദിദിനെ അല്ലാഹു നിയോഗിച്ചത്? ആത്മീയ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഖലീഫക്ക് യോഗ്യതയും അർഹതയും ഇല്ലാത്തതുകൊണ്ടല്ലെ ഇത് സംഭവിച്ചത് ? മുജദ്ദിദിന്റെ സംവിധാനം താൽകാലികമാണെന്നും ഖലീഫയാണ് ശാശ്വതസംവിധാനമെന്നും ശഠിക്കുന്ന മുഹമ്മദ് ഉമർഖാദിയാന്റെ ഭാഷയിൽ മുജദ്ദിദും ഇമാംമഹ്ദിയുമായ ഹസ്റത്ത് അഹ്മദ് (അ) താൽകാലികമായി മിന്നി മറഞ്ഞ മിന്നാമിനുങ്ങുമല്ലെ? അപ്പോൾ പതിനഞ്ചാം നൂറ്റാണ്ടിൽ ഒരു മുജദ്ദിദിന്റെ ആഗമനം അനിവാര്യമല്ലെ? ലേഖകൻ മറ്റൊരിടത്ത് പറയുന്നു.



"ശാശ്വതമായ സംവിധാനമെന്നോണം ഹദ്റത്ത്നബി തിരുമേനി(സ)യുടെ പ്രവചനമനുസരിച്ച് വാഗ്ദത്ത മഹ്ദീമസീഹായി ഹസ്റത്ത് അഹ്മദ് (അ) നിയുക്തനായി. അദ്ദേഹത്തിന്റെ വിയോഗാനന്തരം വിശുദ്ധ ഖുർആന്റെയും നബിതിരുമേനി (സ) യുടെ മുന്നറിയിപ്പുകളും സുവിശേഷങ്ങളും അനുസരിച്ച് ഖിലാഫത്ത് എന്ന സ്ഥാപനം ഉടലെടുക്കുകയും ഉണ്ടായി"

(സത്യദൂതൻ)

ഹസ്റത്ത് അഹ്മദ് (അ) ന്റെ വിയോഗാനന്തരം ഖിലാഫത്ത് ഉടലെടുത്തു എന്ന് ലേഖകൻ പറയുന്നത് സഭ തിരഞ്ഞെടുത്ത അഹ്മദിയ്യാ ഖിലാഫത്തല്ലെ? അത് അല്ലാഹു നിശ്ചയിച്ചതാണോ? അഹ്മദിയ്യാ പ്രസിദ്ധീകരണമായ "അൽവസിയ്യത്തിൽ" ഹസ്റത്ത് അഹ്മദ് (അ) പറയുന്നു.

" അഞ്ചുമൻ അല്ലാഹുവിനാൽ നിശ്ചയിക്കപ്പെട്ട ഖലീഫയുടെ പ്രതിനിധിയാകുന്നു. അതിനാൽ എല്ലാ ഭൗതിക വാഞ്ഛകളിൽ നിന്നും അഞ്ചുമൻ പൂർണ്ണമായും പരിശുദ്ധമായി നിൽക്കേണ്ടതാണ്".

(അൽവസിയത്ത് - മലയാളം പതിപ്പ് പേജ് 41)

മേലുദ്ധരിച്ച പ്രസ്താവനയിൽ നിന്ന് ഹസ്റത്ത് അഹ്മദ് (അ) അല്ലാഹുവിനാൽ നിശ്ചയിക്കപ്പെട്ട ഖലീഫയാണെന്നും അഞ്ചുമൻ (അഹ്മദിയ്യാ സംഘടന) അദ്ദേഹത്തിന്റെ പ്രതിനിധിയാണെന്നും വ്യക്തമല്ലെ? ഇവിടെ വ്യക്തിയോ സംഘടനയോ ആരാണ് പ്രതിനിധി?

ഹസ്റത്ത് അഹ്മദ് (അ) പറയുന്നു

"എനിക്ക് ശേഷം എന്റെ ജമാഅത്തിലെ വിശുദ്ധനായ ഒരു വ്യക്തി എന്റെ നാമത്തിൽ ബൈഅത്ത് വാങ്ങട്ടെ"

(അൽവസിയ്യത്ത് - മലയാളം - പേജ് -9)

ഇവിടെ വിശുദ്ധനായ ഒരു വ്യക്തി എന്ന് മാത്രമല്ലേ പറഞ്ഞത്? അദ്ദേഹം ഖലീഫ ആയിരിക്കണമെന്ന് പറയുന്നുണ്ടോ? അങ്ങനെ പറയാതിരുന്നത് ഹസ്റത്ത് അഹ്മദ് (അ) അല്ലാഹുവിനാൽ നിശ്ചയിക്കപ്പെട്ട ഖലീഫ ആയതുകൊണ്ടല്ലേ ? പിന്നെ അഹ്മദിയ്യാ ഖലീഫയുടെ ഉൽഭവം എവിടെ വെച്ചാണ് ? അൽവസിയ്യത്ത് തുടരുന്നു

"1906 ജനുവരി 29 ന് വിളിച്ചു കുട്ടിയ അഞ്ചുമൻ അഹ്മദിയ്യാ സെക്രട്ടറിമാരുടെ പ്രഥമയോഗ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു. യോഗത്തിൽ ഹാജരായവർ ഹസ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബ് പ്രസിഡണ്ട്. ഖാൻസാഹിബ് മുഹമ്മദ ലിഖാൻ സാഹിബ് സാദാബശീറുദ്ദീൻ മഹ് മൂദഹ് മദ് സാഹിബ് ........................................

(അൽ വസിയ്യത്ത് - മലയാളം - പേജ് 47)

മേലുദ്ധരിച്ച റിപ്പോർട്ടിൽ നിന്ന് ഹസ്റത്ത് അഹ്മദ് (അ) ന്റെ വിയോഗം വരെ മൌലാനാ നൂറുദ്ദീൻ സാഹിബ് അഞ്ചുമൻ അഹ്മദിയ്യാ സംഘടനയുടെ പ്രസിഡണ്ടായിരുന്നുവെന്നും, വിയോഗത്തിനുശേഷം നേതൃസ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിൽ അതുവരെ പ്രസിഡണ്ടായിരുന്ന നൂറുദ്ദീൻ സാഹിബിനെ 'ഖലീഫ' എന്ന് സംബോധന ചെയ്തുവെന്നുമല്ലേ വ്യക്തമാകുന്നത് ? ആദിമ ഇസ്ലാമിക ഖിലാഫത്തിനെ അനുകരിച്ചു കൊണ്ടുള്ള സഭയുടെ തീരുമാനമല്ലേ അഹ്മദിയ്യാ ഖലീഫമാരുടെ ഉത്ഭവത്തിനു കാരണം? ഹസ്റത്ത് അഹ്മദ് (അ)ന് ഈ തീരുമാനത്തിൽ പങ്കാളിത്തമുണ്ടോ ? ഹസ്റത്ത് അഹ്മദ് (അ) വിഭാവന ചെയ്തത് അഞ്ചുമൻ അഹ്മദിയ്യായും അതിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡണ്ടുമായിരുന്നില്ലേ? അപ്പോൾ അഹ്മദിയ്യാ ഖലീഫമാരെ അല്ലാഹു നിശ്ചയിച്ചതാണോ ? ലേഖകൻ തുടരുന്നു.



"ഈ ഖിലാഫത്ത് വ്യവസ്ഥയെ കുറിച്ച് അല്ലാഹു വിശുദ്ധ ഖുർ ആനിൽ ഇപ്രകാരം അരുൾചെയ്യുന്നു. " നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവരെ അവർക്ക് മുമ്പുണ്ടായിരുന്നവരെ ഖലീഫമാരാക്കിയതുപോലെ ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി താൻ തൃപ്തിപ്പെട്ടിട്ടുള്ള മതത്തെ അവർക്ക് ബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു" .

24:56 (സത്യദൂതൻ)

ഈ ഖിലാഫത്തിനെക്കുറിച്ച് അല്ലാഹു പറഞ്ഞതായി ലേഖകൻ പരാമർശിക്കുന്നത് അഹ്മദിയ്യാ ഖിലാഫത്തല്ലേ?എങ്കിൽ വിശുദ്ധ ഖുർആനിൽ അങ്ങനെയൊരു പരാമർശമില്ലല്ലോ? അല്ലാഹു ഭൂമിയിൽ നിയോഗിക്കുന്നത് നബിമാരും മുജദ്ദിദീങ്ങളുമായ ഖലീഫമാരെയാണ്. ഈ വസ്തുത ആദം നബി (അ) ന്റെ കാലം മുതൽ അല്ലാഹു വെളിപ്പെടുത്തിയിട്ടുണ്ട്. "നാം ഭൂമിയിൽ ഒരു ഖലീഫയെ നിശ്ചയിക്കാൻ പോകുന്നു" എന്ന് പറഞ്ഞു കൊണ്ടാണ് അല്ലാഹു ആദം നബി (അ) നെ നിയോഗിച്ചത്.

ലേഖകൻ മനസ്സിൽ കാണുന്ന ഖലീഫമാരും അവരുടെ ഭൂമിയും വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ചുള്ളതല്ല. അല്ലാഹു നിയോഗിക്കാത്ത ഖലീഫമാരുടെ ചരിത്രപശ്ചാത്തലമെന്തായിരുന്നു ? അവരുടെ ചരിത്രം കൊല്ലും കൊലയും കലാപങ്ങളുമായിരുന്നില്ലേ? ഹസ്റത്ത് അലി (റ)ക്ക് ബൈഅത്ത് ചെയ്യാത്ത മറ്റൊരു ഖലീഫയും, ആറു മാസം ഖലീഫാ സ്ഥാനത്തിരുന്ന് രാജിവെച്ചു പിന്മാറിയ ഖലീഫയും, അല്ലാഹു അയച്ച മുജദ്ദിദുമാരെ ദ്രോഹിച്ച ഖലീഫമാരും, മുസ്ലീംകളുടെ ചുടുചോരകൊണ്ട് അമ്മാനമാടിയ ഖലീഫമാരും, ഖലീഫാ സ്ഥാനത്തിനുവേണ്ടി കടിപിടികൂടിയ സഭാമെമ്പർമാരും ഖലീഫാ സ്ഥാനാർത്ഥിയെ തട്ടിക്കൊണ്ടുപോയവരും,

ആളുകളെ വിശ്വാസികളാക്കി മാർഗ്ഗം കൂട്ടാൻ മിഷണറിമാർക്ക് ടാർജറ്റ് കൊടുത്തവരും, അനുയായികളുടെ അംഗസംഖ്യ 1000 ഇരട്ടിയാക്കി പെരുപ്പിച്ചു കാണിക്കുന്നവരും, സത്യത്തിൽ നിന്ന കന്നു പോയവരുമല്ലെ ലേഖകൻ പറയുന്ന ഭൂമിയിലെ ഖലീഫമാർ ? ഭൂമിയിലെ ഖലീഫമാരുടെ മറ്റൊരു തെളിവാണ് 'സത്യദൂതന്റെ' മുൻപത്രാധിപരായിരുന്ന എൻ. അബ്ദുർ റഹീം സാഹിബ് അദ്ദേഹത്തിന്റെ ഖിലാഫത്ത് എന്ന കൃതിയിൽ പറയുന്നത്.

"ഈസാനബിയുടെ അനുയായികൾക്ക് മുന്നൂറ് കൊല്ലക്കാലം വരെ ഭരണം ലഭിച്ചിരുന്നില്ലെങ്കിലും പത്രോസ് മുതൽ മാർപ്പാപ്പ വരെയും അനുസ്യൂതമായും അവിരാമമായും അവരുടെ ഖിലാഫത്ത് തുടർന്ന് വരുന്നു "

(ഖിലാഫത്ത് - പേജ് 12)

ക്രൈസ്തവ ഖിലാഫത്തും അഹ്മദിയ്യാ ഖിലാഫത്തും ഒരേ സമയം ഭൂമിയിൽ വാഴുന്നതു കൊണ്ട് ക്രിസ്ത്യാനികൾ മാർപ്പാപ്പയെന്നും അഹ്മദികൾ ഖലീഫയെന്നും സംബോധന ചെയ്യുന്ന വ്യത്യാസത്തിൽ കവിഞ്ഞ് മറ്റെന്താണ് അഹ്മദിയ്യാ ഖിലാഫത്തിനുള്ളത്? ഖുർആൻ പറഞ്ഞ ഭൂമിയിലെ ഖലീഫമാർ നബിമാരും മുജദ്ദിദീങ്ങളുമാണെന്ന് സുവ്യക്തമായും തെളിയുന്നു.

മുജദ്ദിദുമാരുടെ കാലം കഴിഞ്ഞുപോയെന്നും ഇനി ലോകാവസാനം വരെ അഹ്മദിയ്യാഖിലാഫത്താണെന്നും വാദിക്കുന്ന ലേഖകൻ ഹസ്റത്ത് അഹ്മദ് (അ) ന്റെ വരികൾ ശ്രദ്ധിക്കുക

**" ഓരോ നൂറ്റാണ്ടിന്റെയും തലക്കൽ മതനവീകരണത്തിനു ഒരു ദൈവദാസൻ നിയോഗിക്കപ്പെടുമ്പോൾ അജ്ഞരായ ജനം അതിനെ എതിരിടാൻ മുതിരുന്നു"**

(ലക്ചർ സിയാൽ കോട്ട് മലയാളം പേജ് 10)

"അന്ത്യവിധിനാൾ അതിന്റെ നാശം മാറ്റിനിർത്തും കാലം മറ്റൊരാൾ വരുന്നതിൽ അസാംഗത്യം ഒന്നുമില്ല.



നല്ലവരും ദൈവഭക്തരും ആയ മഹാത്മാക്കൾ ഇനിയും വന്നുകൊണ്ടേയിരിക്കും എന്ന കാര്യം നമ്മൾ ഒരുതരത്തിലും നിഷേധിക്കുന്നില്ല. അതിനുശേഷം അന്ത്യ വിധിനാൾ അപ്രതീക്ഷിതമായി വന്നെത്തും "

(മൽഫൂസാത്ത് വാല്യം7 പേജ് 119)

ഹസ്റത്ത് അഹ്മദ് (അ) വീണ്ടും പറയുന്നു.

" ഓരോ കാലഘട്ടത്തിലും ഇസ്ലാംമതത്തിന്റെ സജീവതയുടെ പരിപൂർണ്ണ തെളിവുകൾ പൂർത്തിയാകുന്നത് വിവിധ തരത്തിലാണ്. ഒരോ കാലത്തും ഉടലെടുക്കുന്ന തിന്മകളും തെറ്റുകളും വിപാടനം ചെയ്യാനാവശ്യമായ ഗുണങ്ങളും കഴിവുകളും ശക്തിയുമായി ആ കാലഘട്ടത്തിലേക്ക് ഒരു മുജദ്ദിദ് അയക്കപ്പെടുന്നു. ദൈവം അവനുദ്ദേശിക്കുന്ന കാലത്തോളം ഈ പ്രവൃത്തി തുടർന്നുകൊണ്ടേയിരിക്കും"

(ഷഹാദത്തുൽ ഖുർആൻ പേജ് 46)

ഹസ്റത്ത് അഹ്മദ്(അ) തുടരുന്നു.

മറ്റൊരുകാര്യം "അലിഫ്- ലാം- റാഅ്" എന്ന വചനത്തിലെ "റാഅ്" സൂചിപ്പിക്കുന്നത് മുജീദ്ദിദുമാരും മറ്റു ദൈവീക മനുഷ്യരും എല്ലാകാലത്തേക്കുമുള്ള പ്രതിഭാസമാണ് എന്നാണ്. അത് അന്ത്യവിധിനാൾ എത്തുംവരെ തുടരുന്നതുമാണ്".

(റൂഹാനീ ഖസായിൻ നമ്പർ 2 വാല്യം2 പേജ് 63)

മിശിഹാമാരുടെ വരവിനായി വാതിലുകൾ എന്നും തുറന്നുകിടക്കുമെന്ന് പ്രസ്താവിച്ചുകൊണ്ട് ഹസ്റത്ത് അഹ്മദ് (അ) പറയുന്നു

" ഞാനാണ് വാഗ്ദത്തമസീഹ് എന്നവകാശപ്പെടുന്ന ആൾ. എന്നാൽ വാഗ്ദത്തമസീഹുമാരിൽ ആദ്യത്തെയും അവസാനത്തെയും ആൾ ഞാൻ മാത്രമാണ് എന്ന് അവകാശപ്പെടുന്നില്ല. എന്റെ വീക്ഷണത്തിൽ എന്റെ കാലശേഷം പതിനായിരം വാഗ്ദത്തമസീഹുമാർ വരും. പക്ഷെ, ഈ കാലത്തേ

ക്കുള്ള വാഗ്ദത്തമസീഹ് ഞാൻ തന്നെയാകുന്നു.

(ഇസാലയെ ഔഹാം - പേജ് 197)

ഹസ്റത്ത് അഹ്മദ് (അ) തന്റെ കാലത്തേക്കുള്ള വാഗ്ദത്തമസീഹ് താനാണെന്ന് പറഞ്ഞതല്ലാതെ അദ്ദേഹം എക്കാലത്തേക്കുമുള്ള മുജദ്ദിദാണെന്ന് പറഞ്ഞിട്ടുണ്ടോ? അല്ലാഹുവിന്റെ ദൂതൻമാരുടെ വരവിനായ് കവാടങ്ങൾ തുറന്നുകിടക്കുകയാണെന്നും പതിനായിരം വാഗ്ദത്ത മസീഹുമാർ വരുമെന്നുമല്ലേ ആ മഹാത്മാവ് പറഞ്ഞത് ? ഹസ്റത്ത് അഹ്മദ് (അ) ന്റെ ഗ്രന്ഥ ശേഖരങ്ങളുടെ ഭണ്ഡാരമെന്നറിയപ്പെടുന്ന ഖാദിയാനിൽ ജീവിക്കുന്ന ലേഖകൻ മേലുദ്ധരിച്ച ഉദ്ധരണികൾ കാണാതെ പോയതോ അതല്ല കണ്ടിട്ടും കണ്ടില്ലെന്ന് നടിച്ചതോ ? അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ മുജദ്ദിദുമാർ ഇനിയും വരുമെന്ന് പറയുമ്പോൾ മുഹമ്മദ് ഉമർ ഖാദിയാൻ മുജദ്ദിദുമാരുടെ ആവശ്യമില്ലെന്നാണ് ശഠിക്കുന്നത്.

സത്യദൂതൻ പത്രാധിപർ എ. എം. മുഹമ്മദ് സലീം "ഖിലാഫത്ത" നൂറ്റാണ്ടുകളിലൂടെ എന്ന അദ്ദേഹത്തിന്റെ ലേഖനത്തിൽ പറയുന്നത് നോക്കുക.

"ഇസ്ലാംമതത്തിന്റെയും അതിന്റെ ആത്മീയ സംസ്കൃതിയുടെയും വികാസ ചരിത്രവും അതിന്റെ പ്രചാരണ ചരിത്രവും മറ്റൊന്നാണ്. ഇസ്ലാമിൽ നൂറ്റാണ്ടുകൾ തോറും ആവിർഭവിച്ച മുജദ്ദിദുമാരുടെ പരമ്പരകളുമായി അത് ബന്ധപ്പെട്ട് കിടക്കുന്നു"

(സത്യദൂതൻ 2008 ഡിസംബർ പേജ് 32)

ഇസ്ലാമിന്റെ വികാസ ചരിത്രം തന്നെ മുജദ്ദിദുമാരുമായി ബന്ധപ്പെട്ടതാണെന്ന് എ.എം. മുഹമ്മദ്സലീം പറയുന്നു. ആത്മീയതയുമായി മുജദ്ദിദുമാർക്കുള്ള ബന്ധമല്ലേ അദ്ദേഹം പറഞ്ഞത് ? അദ്ദേഹം വീണ്ടും എഴുതുന്നു.



" ഖിലാഫത്ത് ഭൗതികതയിലേക്ക് തിരിഞ്ഞപ്പോൾ ഇസ്ലാം മതത്തിലേക്ക് ജനപ്രവാഹം ഉണ്ടായത് മുജദ്ദിദുമാരിലൂടെയാണ് "

(സത്യദൂതൻ 2008 ഡിസംബർ പേജ് 32)

അഹ്മദിയ്യ പ്രസ്ഥാനത്തിന്റെ സ്ഥാപകരും സത്യദൂതൻ പത്രാധിപരും മുജദ്ദിദുമാരുടെ പ്രസക്തിയെക്കുറിച്ച് പറയുന്നു. മുൻ പത്രാധിപരാണെങ്കിൽ ക്രിസ്ത്യാനികളുടെ ഖിലാഫത്തും അഹ്മദിയ്യ ഖിലാഫത്തും ഭൂമിയിൽ ഇപ്പോൾ നിലവിലുണ്ടെന്നും പറയുന്നു, എന്നാൽ മുഹമ്മദ് ഉമർഖാദിയാൻ മുജദ്ദിദുമാരുടെ ആഗമനം തന്നെ അപ്രസക്തമാണെന്നും ഇനി അങ്ങോട്ട് അഹ്മദിയ്യാ ഖിലാഫത്ത് മാത്രമാണ് ശാശ്വതമെന്നും എഴുതുന്നു. വിശ്വാസപരമായ ഒരു വിഷയം പരസ്പര വിരുദ്ധമായി പ്രചരിപ്പിക്കപ്പെടുമ്പോൾ അത് എങ്ങനെയാണ് പത്രാധിപരെ വായനക്കാർ വിലയിരുത്തേണ്ടത് ? ലേഖകൻ മറ്റൊരിടത്ത് അഹ്മദിയ്യാ ഖിലാഫത്തിനെ സാദൃശ്യപ്പെടുത്തി ഇസ്രായീല്യരോട് പറയുന്നത് അവരുടെ ഖിലാഫത്ത് ഈസാനബി (അ) യോടു കൂടി അവസാനിച്ചു എന്നാണ്. എങ്കിൽ ഹസ്റത്ത് അഹ്മദ് (അ) ന്റെ ഖിലാഫത്തോടെ ഇവിടെയും അന്ത്യം കുറിച്ചില്ലേ? അപ്പോൾ ഇപ്പോഴത്തെ ഖിലാഫത്തിന്റെ സാദൃശ്യം പോപ്പിസത്തോടല്ലേ?

നിലവിലുള്ള അഹ്മദിയ്യാ ഖിലാഫത്ത് രണ്ടാംദിവ്യശക്തിയാണെന്ന വാദമാണ് മറ്റൊന്ന്. എന്നാൽ ഹസ്റത്ത് അഹ്മദ് (അ) പറയുന്നു.

" ഞാൻ അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. ഞാൻ ദൈവീകമായ ഒരു ശക്തി പ്രഭാവമാകുന്നു. എനിക്കുശേഷം ചില

വ്യക്തികളുണ്ടാകും, അവർ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും. ഈ ദ്വിതീയ ദിവ്യശക്തി ആകാശത്തു നിന്നു വെളിവാകും"

(അൽവസിയ്യത്ത് - മലയാളം - പേജ് 9)

മേലുദ്ധരിച്ച വരികളിൽ " എനിക്കുശേഷം ചില വ്യക്തികൾ " എന്നുപറഞ്ഞത് വളരെ കുറഞ്ഞ പരിമിതമായ അർത്ഥത്തിലല്ലെ? ഈ ദ്വിതീയ ദിവ്യശക്തി ആകാശത്തു നിന്നു വെളിവാകും എന്നതുകൊണ്ട് വെളിപാടുകൾ ലഭിക്കുന്ന ഖലീഫത്തുള്ളമാരെ പറ്റിയല്ലെ ഉദ്ദേശിച്ചത് ? നബിതിരുമേനി (സ) ക്ക് ശേഷം " ഖുലഫാഉർ റാഷിദീ" ങ്ങളുടെ കാലം പരിമിതമായിരുന്നില്ലേ? അതുപോലെ അഹ്മദിയ്യാ ഖലീഫമാരെ രണ്ടാം ദിവ്യശക്തിയായി ഗണിച്ചാൽ തന്നെ ആദ്യത്തെ മൂന്ന് ഖലീഫമാരിലൂടെ പ്രത്യേകിച്ച് അരനൂറ്റാണ്ടുകാലം നേതൃത്വം വഹിച്ച രണ്ടാം ഖലീഫയിലൂടെയും പിന്നീട് മൂന്നാം ഖലീഫയിലൂടെയും രണ്ടാം ദിവ്യശക്തി വെളിപ്പെട്ടതായി വാദത്തിന് വേണ്ടി അംഗീകരിച്ചാൽ തന്നെ നൂറ്റാണ്ടിന്റെ തലക്കൽ വരുന്ന മുജദ്ദിദുമാരുടെ ആഗമനത്തിന് അതൊരു തടസ്സമായിരിക്കുമോ? നാലാം ഖലീഫയുടെ തെരഞ്ഞെടുപ്പ് ആഭ്യന്തര കലഹത്തിലേക്കും ഗ്രൂപ്പിസത്തിലേക്കും മീർസാ കുടുംബത്തിലെ മറ്റൊരു ഖലീഫാ സ്ഥാനാർത്ഥിയെ തട്ടിക്കൊണ്ടു പോകുന്നതിലുമല്ലെ കലാശിച്ചത് ?

(14 - 6 - 1982 ലെ " ഹിന്ദുപത്രം നോക്കുക)

സുന്നികളെയും മുജാഹിദികളെയും മറ്റുള്ളവരെയും അഹ്മദിയ്യാ ജമാഅത്തിലേക്ക് ക്ഷണിച്ചുകൊണ്ട് മുഹമ്മദ് ഉമർ 1998 നവംബർ ലക്കം സത്യദൂതനിൽ ' മഹ്ദി ഇമാമിന്റെ ആവിർഭാവം' എന്ന ലേഖനത്തിൽ കോളമിട്ടുകൊണ്ട് ചോദിക്കുന്നു." പതിമൂന്ന് നൂറ്റാണ്ടുവരെ മുജദ്ദിദുമാർ വന്ന സ്ഥിതിക്കു പതിനാലാം നൂറ്റാണ്ടിൽ എന്തുകൊണ്ട് മുജദ്ദിദുവന്നില്ല" - എന്നാൽ അതേ ചോദ്യം മുഹമ്മദ് ഉമറിനോട് ചോദിക്കുന്നു. പതിനാലാം നൂറ്റാണ്ടിൽ മുജദ്ദിദ് വന്ന സ്ഥിതിക്ക് പതിനഞ്ചാം നൂറ്റാണ്ടിൽ എന്തുകൊണ്ട് മുജദ്ദിദു വന്നില്ല? പ്രവാചകത്വ ശൃംഖല അവസാനിച്ചിട്ടില്ലെന്നും വഹ്‌യ് നിലച്ചിട്ടില്ലെന്നും അഹ്മദിയ്യ പ്രഭാഷണങ്ങളിലും സാഹിത്യങ്ങളിലും ശക്തമായ വാദങ്ങൾ നിരത്തിവെച്ച അഹമദി മൗലവിയാണ് പതിനഞ്ചാം നൂറ്റാണ്ടിൽ അത് നിലച്ചുപോയെന്ന് പറയുന്നത്. മർഹൂം മൗലാനാ ബി അബ്ദുള്ളാഹ് സാഹിബിന്റെ " അന്നുബുവ്വത്ത് ഫിൽ ഇസ്ലാം അന്നുബുവ്വത്ത് ഫിൽ ഖുർആൻ " എന്നീ ഗ്രന്ഥങ്ങൾ മേലുദ്ധരിച്ച വാദങ്ങൾക്ക് തെളിവല്ലേ? എന്നിട്ടും പതിനഞ്ചാം നൂറ്റാണ്ടിനെ അവഗണിക്കണമെന്നാണോ ലേഖകനും അഹ്മദിയ്യാ മുഖപത്രമായ സത്യദൂതനും പറയുന്നത് .

നബിതിരുമേനി (സ) യും ഹസ്റത്ത് അഹ്മദ് (അ)മും ഊന്നിപറഞ്ഞ ശാശ്വത സംവിധാനമായ മുജദ്ദിദുമാരുടെ ആഗമനവും സഭ തിരഞ്ഞെടുത്ത അഹ്മദിയ്യ ഖലീഫമാരുടെ താൽക്കാലിക സംവിധാനവും ഒത്തുനോക്കുമ്പോൾ ഇപ്പോഴത്തെ പതിനഞ്ചാം നൂറ്റാണ്ടിൽ ഒരു മുജദ്ദിദിന്റെ അനിവാര്യത നിഷേധിക്കാനാകുമോ ? അല്ലാഹുവിന്റെ ഒരു സംവിധാനത്തെ അട്ടിമറിക്കാൻ ശ്രമിച്ച മുഹമ്മദ് ഉമർ ഖാദിയാന്റെ വാദങ്ങളും കാഴ്ചപ്പാടും സത്യദൂതൻ പത്രാധിപർക്ക് അംഗീകരിക്കാൻ പറ്റുമോ? പത്രാധിപരായ താങ്കൾ ഖിലാഫത്ത് നൂറ്റാണ്ടുകളിലൂടെ എന്ന ലേഖനത്തിൽ ഊന്നിപ്പറഞ്ഞ വരികൾ ഇവിടെ സ്മരിക്കുന്നു.

" സത്യവിശ്വാസവും സൽക്കർമ്മങ്ങളുമാണ് മാതൃകാപരമായ ഖിലാഫത്ത് വ്യവസ്ഥയുടെ മുന്നുപാധികൾ. അത ലംഘിക്കപ്പെടുമ്പോൾ ഖിലാഫത്ത് കേവലം അധികാരത്തിന

ധിഷ്ഠിതമായ ഭരണ പരിപാടിയോ അല്ലെങ്കിൽ കേവലം ഒരു സംഘടിത സമുദായമോ ആയിത്തീരുന്നു."

(സത്യദൂതൻ 2008 ഡിസംബർ പേജ് 31)

സത്യവും നീതിയും സൽക്കർമ്മവുമാണോ ഇന്ന് അഹമദിയ്യാ ജമാഅത്തിനെ നയിക്കുന്നത് ? അഹമദിയ ഖിലാഫത്ത് പഠന വിധേയമാക്കുമ്പോൾ ഏകാധിപത്യ ഭീഷണിയും നീതിരഹിതമായ തീരുമാനങ്ങളും നിത്യസംഭവമല്ലെ? അങ്ങിനെ വരുമ്പോൾ താങ്കൾ പറയുന്ന കേവലം ഒരു സംഘടിത സമുഹമല്ലേ നിലവിലുള്ളത്? സത്യാന്വേഷികൾ ഇതിന്നുള്ള ഉത്തരം തേടേണ്ടതാണെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.


ഇ. താഹിർ
ജനറൽ സെക്രട്ടറി
ജമാഅത്തു സ്സഹീഹിൽ ഇസ്ലാം
കേരള

കണ്ണൂർ
01/01/11


*Printed and Published by Jamaludeen Ravother Ameer Jamaathul - Sahih-al Islam*
*Reg. No. 693/2010*
*Printed at Printex Printing Press, Thottada, Kannur-7*
*Copy 1000*

# Image of hand-written note by Hazrat Mirza Ghulam Ahmad

Shown below, first, is an image of the original note written in Urdu by Hazrat Mirza Ghulam Ahmad *in his own hand*.



Below is reproduced the text of the above note in printed Urdu for ease of reading.



*Translation*

"My view is that when the Anjuman reaches a decision in any matter, doing so by majority of opinion, that must be considered as right, and as absolute and binding. I would, however, like to add that in certain religious matters, which are connected with the particular objects of my advent, I should be kept informed. I am sure that this Anjuman would never act against my wishes, but this is written only by way of precaution, in case there is a matter in which God Almighty has some special purpose. This proviso applies only during my life. After that, the decision of the Anjuman in any matter shall be final.

*Was-salaam*. Mirza Ghulam Ahmad, 27 October 1907."